# കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

## അഖിലലോക സഭൈക്യ പ്രാർത്ഥനാവാരം

### വിഷയം

"ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു, അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു" (മത്താ. 2 : 2)

ആരാധനയും ധ്യാനക്കുറിപ്പുകളും

# കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

## അഖിലലോക സഭൈക്യ പ്രാർത്ഥനാ വാരം

## ആരാധനയും ധ്യാനകുറിപ്പുകളും

## തയ്യാറാക്കിയത്

| | |
|---|---|
| ആരാധന | : റവ. വി. എം. മാത്യു |
| ഒന്നാം ദിനം | : കമാൻഡർ ടി. ഒ. ഏലിയാസ് |
| രാം ദിനം | : ഫാ. ഡോ. റജി മാത്യു |
| മൂന്നാം ദിനം | : റവ. രാജൻ മോസസ് |
| നാലാം ദിനം | : റവ. ഡോ. ടി.ഐ. ജയിംസ് |
| അഞ്ചാം ദിനം | : ഡോ. ജയ്സി കരിങ്ങാട്ടിൽ |
| ആറാം ദിനം | : ഫാ. ഡോ. ഡാനിയേൽ ജോൺസൺ |
| ഏഴാം ദിനം | : വെരി. റവ. ഡോ. കുര്യാക്കോസ് മൂലയിൽ കോർ എപ്പിസ്ക്കോപ്പറവ. |
| എട്ടാം ദിനം | : റവ. ഡോ. ബോബി മാത്യു |

# KERALA COUNCIL OF CHURCHES

(Constituent Member and Regional Council of the National Council of Churches in India)

Thiruvalla, Kerala - 689101



President
**Bishop Dr. Oommen George**
Mob : +91 9446259762
Email : bishopoommencsikkd@gmail.com

General Secretary
**Adv. Prakash P. Thomas**
Mob : +91 9447472725
Email : prakashpthomas@gmail.com

Treasurer
**Rev. L.T. Pavithrasingh**
Mob : +91 9349848282
Email : pavithrasinght@gmail.com

Vice Presidents

**Most. Rev. Alexios Mar Eusebius**
Mob : +91 8547058607

**Comm. Dr. M.C. James**
Mob : +91 9833685177

**Dr. Lebi Philip Mathew**
Mob : +91 9847054779

**Ancy R.**
Mob : +91 9656027056


14 ജനുവരി 2022

അഭിവന്ദ്യരെ, ബഹുമാന്യരെ, പ്രിയരെ,

ദൈവകൃപയാൽ ഒരു പുതുവർഷം കാണുവാൻ നമുക്ക് ഭാഗ്യം ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

കോവിഡ്-19 ന്റെ ഭീഷണിയും രക്തദാഹികളായ വർഗീയ-രാഷ്ട്രീയ ശക്തികളുടെയും ഭീഷണിയിൽ നമ്മുടെ സമൂഹം വിറങ്ങലിച്ചു നിൽക്കുന്ന കാലയളവിൽ പുതുവർഷം ആഗതമായി എന്നത് സമ്മിശ്രവികാരങ്ങളുണർത്തുന്നു.

അഖിലലോക സഭൈക്യ പ്രാർത്ഥനാവാരം ലോകമെമ്പാടും നടക്കുന്ന കാലയളവിൽ കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന പ്രാർത്ഥനാവാര പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 16 ഞായർ വൈകിട്ട് 4.00 ന് തോട്ടയ്ക്കാട് പരിയാരം മാർ അപ്രേം പള്ളിയിൽ മലങ്കര മാർത്തോമ്മാ സുറിയാനിസഭാ പരമാധ്യക്ഷൻ അഭി. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവഹിക്കും.

“ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു, അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു” (മത്താ. 2 : 2) എന്നതാണ് ഇത്തവണത്തെ വിഷയം. ഇതിനാവശ്യമായ ധ്യാനചിന്തകൾ തയ്യാറാക്കി നല്കിയത് കമാൻഡർ റ്റി. ഒ. ഏലിയാസ് (ഒന്നാം ദിനം), ഫാ. ഡോ. റജി മാത്യു (രണ്ടാം ദിനം), റവ. രാജൻ മോസസ് (മൂന്നാം ദിനം), റവ. ഡോ. ടി. ഐ. ജയിംസ് (നാലാം ദിനം), ഡോ. ജയ്സി കരിങ്ങാട്ടിൽ (അഞ്ചാം ദിനം), ഫാ. ഡോ. ഡാനിയേൽ ജോൺസൺ (ആറാം ദിനം), വെരി. റവ. ഡോ. കുര്യാക്കോസ് മൂലയിൽ കോർ എപ്പിസ്ക്കോപ്പ (ഏഴാം ദിനം), റവ. ഡോ. ബോബി മാത്യു (എട്ടാം ദിനം) എന്നിവരാണ്. റവ. വി. എം മാത്യു ആരാധന തയ്യാറാക്കുന്നതിന് നേതൃത്വം നൽകി. ഇതിൽ സഹായിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ അസംബ്ലി തലങ്ങളിലും സോണുകളിലും പ്രാർത്ഥനാവാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരോടുള്ള നന്ദി അറിയിക്കുന്നു.

നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണം എന്ന കർത്തൃപ്രാർത്ഥന യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമങ്ങളിൽ നമുക്ക് ബോധപൂർവ്വം പങ്കാളികളാകാം. അതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ.

പ്രാർത്ഥനയോടെ,

**ഡോ. പ്രകാശ് പി. തോമസ്**
ജനറൽ സെക്രട്ടറി
കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

# ആരംഭം

**ആരാധനക്കുള്ള ആഹ്വാനം**

L: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ തന്നെ.

C: ആമേൻ

L: സഹോദരങ്ങളെ നാം ഇന്ന് ലോകത്തിന്റെ എല്ലാ എല്ലാ ഭാഗത്തും ഉള്ള നമ്മുടെ സഹ വിശ്വാസികളോട് ഒരുമിച്ചു ചേർന്ന് സഭയുടെ ഐക്യത്തിനായി പ്രാർത്ഥിക്കുന്നു. ഈ ആരാധനക്കായി നാം ഉപയോഗിക്കുന്ന ക്രമം മിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചസ് തയ്യാറാക്കിയതാണ്. നമ്മുടെ പാഠങ്ങൾ പ്രചോദിതമായിരിക്കുന്നതു വി. മത്തായിയുടെ സുവിശേഷത്തിൽ പുൽക്കൂട്ടിൽ പിറന്ന രാജാവിനെ സന്ദർശിക്കാൻ വന്ന വിദ്വാൻമാരുടെ ആഗമനത്തിൽ നിന്നാണ്. അവർ ചോദിക്കുന്നു 'ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു, അവനെ നമസ്കരിക്കാൻ വന്നിരിക്കുന്നു'. നമുക്ക് നമ്മുടെ നയനങ്ങളെ കിഴക്കു കണ്ട ഈ നക്ഷത്രത്തിൽ കേന്ദ്രീകരിച്ചു ആ നക്ഷത്രത്താൽ നയിക്കപ്പെടാൻ അനുവദിക്കാം. നമുക്ക് ദൈവ സന്നിധിയിലേക്ക് നന്ദിയോടും ആനന്ദത്തോടും അടുത്തുവരാം, നമ്മുടെ ചുറ്റുപാടുമുള്ള അന്ധകാരത്തെ തന്റെ പ്രകാശത്താൽ പ്രകാശിതമാകാൻ ദൈവത്തിനു കഴിയും അന്ന് നാം അറിയുന്നതിനാൽ നമ്മോടൊപ്പം രോഗ ബാധിതരെയും, കഷ്ടതയിലൂടെ കടന്നുപോകുന്നവരെയും, അരികുവൽക്കരിക്കപ്പെട്ടിരിക്കുന്നവരെയും അഭയാർത്ഥികളെയും കുടിയിറക്കപ്പെട്ടവരെയും ദൈവസന്നിധിയിൽ കൊണ്ടുവരാം. നാമിന്നു സഭാഐക്യത്തിനായി പ്രാർത്ഥിക്കുമ്പോൾ നാമും നമ്മുടെ സമൂഹവും മറ്റുള്ളവരെ യേശുവിലേക്കു നയിക്കുന്ന പ്രകാശ ഗോപുരങ്ങളായി മാറുവാൻ ഇടയാകട്ടെ.

L: സർവ ശക്തനായ പിതാവേ, നീ സകല സൃഷ്ടിയിലൂടെയും നിന്നെ വെളിപ്പെടുത്തിയിരിക്കുന്നതിനാലും സകലരെയും നീ നിന്റെ സന്നിധിയിലേക്ക് വരുവാൻ ആഹ്വാനം നല്കിയിരിക്കുന്നതിനാലും നിന്നെ ഞാൻ മഹത്വപ്പെടുത്തുന്നു. വിദ്വാൻമാർ നക്ഷത്രം കണ്ടു നിന്നെ മഹത്വപ്പെടുത്താൻ വന്നതുപോലെ ഞങ്ങൾ ഞങ്ങളുടെ ജീവിത്തിന്റെ വെളിച്ചമായി യേശുവിനെ കണ്ടെത്തി നിന്നെ ആരാധാനിക്കാനായി അടുത്തുവന്നിരിക്കുന്നു. ഞങ്ങൾ ഞങ്ങളെ തന്നെ നിന്റെ സന്നിധിയിൽ സമർപ്പിക്കുകയും ഞങ്ങളുടെ ഇടയിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെ ചോദിക്കുകയും ചെയ്യുന്നു.

C: സ്വർഗ്ഗസ്ഥനായ രാജാവേ, ലോകത്തിന്റെ കിഴക്കുനിന്നും പടിഞ്ഞാറു നിന്നും തെക്കുനിന്നും വടക്കുനിന്നും പ്രായമുള്ളവരും യുവജനങ്ങളും, പുരുഷന്മാരും സ്ത്രീകളും നിന്നെ ആരാധിക്കാനും മഹത്വപ്പെടുത്താനും അടുത്തുവരുമ്പോൾ ഞങ്ങളും അടുത്തുവരുന്നു. ഞങ്ങളെ ഐക്യപ്പെടുത്തേണമേ. ആമേൻ

**ആരാധന ഗാനം**

**അനുതാപത്തിന്റെയും സ്തോത്രത്തിൻെറയും പ്രാർത്ഥന**

L: ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവെ ആകാശ തട്ടുകളിൽ നീ പ്രകാശത്തെ ഉറപ്പിച്ചതിനാൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നീ വെളിച്ചത്തെ അന്ധകാരത്തിൽ നിന്നും വേർതിരിക്കുന്നു. പവിത്രമായ സമയങ്ങളെയും ദിവസങ്ങളെയും വർഷങ്ങളെയും അടയാളപ്പെടുത്താൻ അടയാളങ്ങളെയും നിയമിച്ചിരുന്നു. നീ നക്ഷത്രങ്ങളെ ആകാശ വിതാനത്തിൽ വിരിച്ചിരിക്കുന്നു. ആകാശം നിന്റെ മഹത്വത്തെയും ആകാശ വിതാനം നിന്റെ കൈവേലയെയും വർണ്ണിക്കുന്നു. എത്ര മഹത്തരമാണ് നിന്റെ സൃഷ്ടി.

C: കർത്താവേ നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു

L: ഞങ്ങൾ മത്സരികളായിട്ടും നീ ഞങ്ങളെ തള്ളിക്കളയാതെ ഞങ്ങളുടെ വെളിച്ചവും രക്ഷയുമായി സ്വന്തപുത്രനെ അയച്ചതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവനിൽ ജീവനുണ്ടായിരുന്നു, ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം അന്ധകാരത്തിൽ പ്രകാശവും ആയിരുന്നു.

C: കർത്താവേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു

L: നിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കുഴഞ്ഞു മറിഞ്ഞ ജീവിതാനുഭവങ്ങളിൽ ഞങ്ങളോടു കൂടെയിരുന്ന കർത്താവേ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. അസത്യങ്ങളുടെയും സംശയങ്ങളുടെയും ലോകത്തിൽ ഞങ്ങളുടെ പാതകളെ പ്രകാശിപ്പിക്കുകയും ജ്ഞാനവും വിശ്വാസവും നൽകുകയും ചെയ്തിരിക്കുന്നു.

C: കർത്താവേ നിന്നെ ഞങ്ങൾ ആരാധിക്കുന്നു

L: കർത്താവേ, നിന്റെ സത്യവെളിച്ചത്തെ ഞങ്ങളുടെ ചുറ്റും പ്രകാശിപ്പിക്കുന്നതിനായിയും, എല്ലാ സഭകളിലും എല്ലാ സംസ്കാരങ്ങളിലും യഥാർത്ഥ രാജാവായ യേശുവിന്റെ സാക്ഷികളാകാനും ഞങ്ങളെ ഈ ലോകത്തിലേക്ക് അയച്ചതിനാൽ ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.

C: ഞങ്ങൾ നിനക്ക് നന്ദി പറയുന്നു

**എല്ലാവരും നിന്നെ ആരാധിക്കുകയും നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യട്ടെ ഞങ്ങൾ പലപ്പോഴും അന്ധകാരത്തെ തിരഞ്ഞെടുത്തവരാണ് എങ്കിലും നീ ഞങ്ങൾക്ക് പ്രകാശം നൽകി. അതിനാൽ ഞങ്ങൾ അനുതാപത്തോടെ അടുത്തുവന്നു പറയുന്നു:**

L: ഞങ്ങൾ നിന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും നിൻെറ വഴികളിൽ നിന്നും മാറി സഞ്ചരിക്കുകയും ചെയ്തതിനാൽ ഞങ്ങൾ അനുതപിക്കുന്നു. ഞങ്ങളുടെ ഉപഭോക്തൃ സംസ്കാരത്താൽ നിന്റെ സൃഷ്ടിയെ വികലമാക്കുകയും അതിലെ വിഭവങ്ങളെ നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ നിന്റെ നദികളെയും സാഗരങ്ങളെയും മലിനമാക്കുകയും നിന്റെ മണ്ണിനെയും വായുവിനെയും മലിനീകരിക്കുകയും ചെയ്തു അനേക വംശങ്ങൾക്കു ജീവ നാശം ഉണ്ടാക്കി

**നിശബ്ദത**

L: ഞങ്ങൾ ഞങ്ങളുടെ സഹോദരങ്ങളോട് സ്വാർത്ഥതയോടുകൂടി പെരുമാറിയിരിക്കുന്നു. നീതിയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയിൽ ഞങ്ങളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും സ്വാധീനം ചെലുത്തിയിരുന്നു. സഹോദരങ്ങളുമായുള്ള ബന്ധത്തിൽ ഞങ്ങൾ മതിലുകൾ സൃഷ്ടിക്കുകയും അവിശ്വാസത്തിന്റെ വിത്തുകൾ വിതക്കുകയും ചെയ്തു.

**നിശബ്ദത**

L: ഞങ്ങൾ വംശത്തിന്റെയും, മതത്തിന്റെയും ലിംഗത്തിന്റെയും പേരിൽ ആളുകളെ വിഭജിക്കുകയും ആ വിഭാഗീയതയിൽ യേശു ഞങ്ങളോട് ഒപ്പമാണ് എന്ന് ഞങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. ഞങ്ങൾ അനുതാപത്തോടെ അടുത്തുവരുമ്പോൾ ഞങ്ങളുടെ ഈ ചിന്തകളും പ്രവർത്തനങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ

**നിശബ്ദത**

L: കാല സമ്പൂർണതയിൽ സകലരെയും വീണ്ടെടുക്കാൻ ലോകത്തിലേക്ക് തന്റെ സ്വന്ത പുത്രനെ അയച്ച പിതാവാം ദൈവമേ ഞങ്ങളോട് കരുണ തോന്നി ഞങ്ങളുടെ പാപങ്ങളെ ക്ഷമിച്ചു നിന്റെ മഹത്വകരമായ സ്വരൂപത്തിലേക്കു ഞങ്ങളെ രൂപാന്തരപ്പെടുത്തേണമേ അങ്ങനെ പ്രശ്നബാധിതമായ ഈ ലോകത്തിൽ പ്രത്യാശയുടെ പ്രകാശങ്ങളായി ശോഭിക്കാൻ ഞങ്ങളെ സഹായിക്കേണമേ. സർവ ശക്തനായ ദൈവം ഞങ്ങളുടെ പ്രാധാനകേൾക്കുകയും കരുണ തോന്നുകയും നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യും

C: നന്ദി ദൈവമേ, ഞങ്ങളുടെ സമ്പൂർണ ശബ്ദത്തിൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ത്രിത്വ സ്തുതി**

വിശുദ്ധനായ ദൈവമേ
വിശുദ്ധനായ സർവ ശക്താ
മരണമില്ലാത്തവനേ ഞങ്ങളോട് കരുണ തോന്നേണമേ

സങ്കീർത്തനം 8 - വാക്യപ്രതിവാക്യമായി ചൊല്ലാം

L: ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സു വെച്ചിരിക്കുന്നു.

C: നിന്റെ വൈരികൾനിമിത്തം, ശത്രുവിനെയും പകയനെയും മിണ്ടാതാക്കുവാൻ തന്നേ, നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു.

L: നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന്നു അവന് എന്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്നു അവന് എന്തുമാത്രം?

C: നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു.

L: നിന്റെ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽകീഴെയാക്കിയിരിക്കുന്നു;

C: ആടുകളെയും കാളകളെയും എല്ലാം കാട്ടിലെ മൃഗങ്ങളെയൊക്കെയും

L: ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും സമുദ്രമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന സകലത്തെയും തന്നേ.

C: ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു.

| ഒന്നാം പാഠം | രണ്ടാം പാഠം | സുവിശേഷ ഭാഗം |
|---|---|---|
| യെശ. 9: 2-7 | എഫേ. 5 | മത്താ. 2: 1-12 |

**നിഖ്യ വിശ്വാസ പ്രമാണം**

പിതാവായ സർവ്വശക്തനായ:
ആകാശത്തിന്റെയും ഭൂമിയുടെയും; കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ; സകലത്തിന്റെയും സ്രഷ്ടാവുമായ; സത്യ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൈവത്തിന്റെ ഏകപുത്രനും:
സർവ്വലോകങ്ങൾക്കും മുൻപെ; പിതാവിൽനിന്ന് ജനിച്ചവനും; പ്രകാശത്തിൽനിന്നുള്ള പ്രകാശവും; സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും; ജനിച്ചവനും സൃഷ്ടിയല്ലാത്തവനും; തത്വത്തിൽ പിതാവിനോട് ഏകത്വം ഉള്ളവനും; സകലസൃഷ്ടിക്കും മുഖാന്തരമായവനും; മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷക്കും വേണ്ടി; സ്വർഗത്തിൽനിന്നും ഇറങ്ങി; വിശുദ്ധ റൂഹായാൽ വിശുദ്ധ കന്യകമറിയാമിൽനിന്നും ജഡമെടുത്ത് മനുഷ്യനായി; പൊന്തിയൂസ് പീലാത്തോസിന്റെ നാളുകളിൽ; ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട്; കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്; തിരുഹിതപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ്; സ്വർഗത്തിലേക്ക് കരേറി, തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനും; അവസാനമില്ലാത്ത രാജത്വമുള്ളവനും; ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ; തന്റെ മഹാപ്രഭാവത്തോടെ വരുവാനിരിക്കുന്നവനുമായ; യേശുമിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും:
പിതാവിൽനിന്ന് പുറപ്പെട്ട്; പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും; നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ; ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും; കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.
പാപമോചനത്തിനുള്ള മാമോദീസ:
ഒന്ന് മാത്രമെന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ്; മരിച്ചവരുടെ ഉയിർപ്പിനും; വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും; ഞങ്ങൾ നോക്കിപ്പാർക്കയും ചെയ്യുന്നു, ആമീൻ.

**മദ്ധ്യസ്ഥ പ്രാർത്ഥന**

L: വിശ്വാസത്തോടും വിശ്വസ്തതയോടും പ്രാർത്ഥനയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവസന്നിധിയിൽ നമുക്ക് അടുത്ത് വരാം

C: കിഴക്കുനിന്നും വിദ്വാൻമാർ തങ്ങളുടെ രാജ്യങ്ങളുടെ സാസ്കാരിക തനിമ വെളിവാക്കുന്ന സമ്മാനങ്ങളുമായി മഹത്വം കൊടുപ്പാൻ വന്നു.

L: ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തങ്ങളുടെ വ്യത്യസ്തങ്ങളായ ആരാധനാ പാരമ്പര്യങ്ങളിൽ നിലനിൽക്കുന്ന ക്രിസ്തീയ സമൂഹങ്ങൾക്ക് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.
ക്രിസ്തീയ സമൂഹങ്ങൾ ഭീക്ഷണിയും ആക്രമണങ്ങളും നേരിടുന്ന ഇടങ്ങളിലെ ഈ വ്യത്യസ്തങ്ങളായ അമൂല്യനിധികളെ, കാത്തുകൊള്ളണം എന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

C: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

L: കർത്താവിന്റെ ബാല്യകാലങ്ങളിൽ ഹെരോദാവ് എന്ന ഏകാധിപതിയുടെ കല്പനകൾ മൂലം ആക്രമണങ്ങളും കുലപാതകങ്ങളും നടന്നു ലോകത്തു കുട്ടികൾക്ക് എതിരെ ആക്രമണങ്ങൾ നടക്കുന്ന വിവിധ ഇടങ്ങളിൽ താമസിക്കുന്ന കുട്ടികൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ ഞങ്ങളുടെ സഭകൾ തമ്മിലുള്ള ഐക്യത്തെയും പരസ്പരമുള്ള സ്നേഹത്തെയും ശക്തിപ്പെടുത്തണമേ, പരസ്പരം സഹകരിക്കുന്നതിനും വിശുദ്ധ നാമത്തിനു സാക്ഷികളാകുന്നതിനും ഞങ്ങളെ സഹായിക്കണമേ. തള്ളപ്പെട്ടവരെ സംരക്ഷിക്കാനും അരികുവത്കരിക്കപ്പെട്ടവരെ ചേർത്തുകൊള്ളുന്നതിനും ഉള്ള പ്രവർത്തനങ്ങളിൽ ഞങ്ങളെ പ്രചോദിപ്പിക്കണമേ, ഞങ്ങൾ അങ്ങയുടെ രാജ്യം അന്വേഷിക്കുന്നതിനാൽ അടിച്ചമർത്തുന്ന ഫാസിസിസ്റ് ഭരണഗൂഢങ്ങൾക്കു മുൻപിൽ ഒരുമയോടെ നിൽപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ

C: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

L: വിദ്വാൻമാരുടെ സന്ദർശനത്തിന് ശേഷം തിരുകുടുംബം ,മരുഭൂമിയിലൂടെ പ്രയാണം ചെയ്ത് മിസ്രയിമിൽ അഭയാർഥികളായി തീർന്നു. എല്ലാ കുടിയിറക്കപ്പെട്ടവർക്കായും അഭയാർത്ഥികൾക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. തങ്ങളുടെ വീടുകളിൽ നിന്നും പുറത്താക്കപ്പെട്ടവരോട് ആതിഥ്യം കാണിക്കാൻ ഞങ്ങളെ അഭ്യസിപ്പിക്കേണമേ. തങ്ങൾക്കു ഒരു അഭയം തേടുന്ന എല്ലാവരെയും സ്വാഗതം ചെയ്യാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ

C: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

L: യേശുവിന്റെ ജനനം എല്ലാവർക്കും ഉള്ള സുവിശേഷം ആയിരുന്നു അതിനാൽ വിവിധ മതങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും ആളുകൾ അവനെ ആരാധിക്കാൻ വന്നു. മറ്റുമതങ്ങളുമായി സൗഹാർദ്ദവും സംഭാഷണങ്ങളും പങ്കിടുന്ന എല്ലാ പരിശ്രമങ്ങൾക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. മറ്റുള്ളവരുമായി ഒത്തു നടക്കാനും അവരെ ബഹുമാനിക്കാനും ഉള്ള സൗമ്യതയും ക്ഷമയും ഞങ്ങൾക്ക് നൽകേണമേ

C: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

L: വിദ്വാൻമാർ അവരുടെ ഭനങ്ങളിലേക്കു വേറെ വഴിയായി മടങ്ങി പോയി മാറ്റങ്ങൾ സംഭവിക്കുന്ന ഈ

ലോകത്തിൽ ആയിരിക്കുന്ന ഞങ്ങളുടെ സഭകൾക്കായി പ്രാർത്ഥിക്കുന്നു. കർത്താവേ ഈ ലോകം നിന്നെ വിശ്വസിക്കാനും നവീനവും ക്രീയാത്മകവുമായ രീതിയിൽ നിന്നെ അനുഗമിപ്പാനും നിന്റെ സാക്ഷികളാകാനും ഞങ്ങളെ സഹായിക്കേണമേ

C: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

L: വിദ്വാൻമാർ വിശുദ്ധ പൈതലിനെ കണ്ടപ്പോൾ അവർ ആനന്ദത്താൽ ആഹ്ളാദിച്ചു സ്വർഗീയ പിതാവേ നിന്നിൽ ഞങ്ങളുടെ കണ്ണുകളെ പ്രതിഷ്ഠിക്കുന്നതിലൂടെ ഞങ്ങൾ വഴിമാറാതിരിക്കാൻ ഞങ്ങളെ സഹായിക്കേണമേ, വഴിയും സത്യവും ജീവനുമായ യേശുവിൽ ഞങ്ങളെ ഐക്യപ്പെടുത്തണമേ. കർത്താവ് ഞങ്ങളെ പഠിപ്പിച്ച കർത്തൃ പ്രാർത്ഥനയിൽ ഞങ്ങൾ പ്രാർത്ഥിക്കട്ടെ.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ........**

**ഗീതം**

**ആശിർവാദം**

L: നിങ്ങൾ പുറപ്പെട്ടു പോയി വെളിച്ചത്തിന്റെ മക്കളായി ജീവിക്കുക

C: വെളിച്ചത്തിന്റെ ഫലം നല്ലതും നന്മയും സത്യവും ആകുന്നു.

L: അന്ധകാരത്തിന്റെ തെറ്റായ പ്രവർത്തനങ്ങളിൽ പങ്കെടുക്കരുത്.

C: ഞങ്ങൾ ഞങ്ങളുടെ ഉറക്കത്തിൽ നിന്നും ഉണരട്ടെ, കർത്താവ് ഞങ്ങളുടെമേൽ പ്രകാശം ചൊരിയട്ടെ.

L: സകല സമൂഹത്തിനും സമാധാനം ഉണ്ടാകട്ടെ പിതാവായ ദൈവത്തിന്റെയും പുത്രനായ ക്രിസ്തുവിന്റെയും സ്നേഹം നിങ്ങളിൽ വസിക്കട്ടെ കർത്താവായ യേശുവിനോട് ഒരിക്കലും തീരാത്ത സ്നേഹമുള്ള എല്ലാവരുടെ മേലും കൃപ ഉണ്ടായിരിക്കട്ടെ

C: ആമേൻ, ദൈവമേ നിനക്കു നന്ദി

# ഒന്നാം ദിവസം

മത്തായി 2:2 ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു,

ദൈവം ആകാശമണ്ഡലത്തെ സൃഷ്ടിച്ചപ്പോൾ നക്ഷത്രങ്ങളെക്കൊണ്ട് അലങ്കരിച്ച് അതിനെ മനോഹരമാക്കിയെന്നു പ്രസ്താവിച്ചുകൊണ്ടാണ് ബൈബിൾ ആരംഭിക്കുന്നത്. സുവിശേഷം ആരംഭിക്കുന്നതും ദൈവത്തിലേക്കു നയിക്കുന്ന നക്ഷത്രത്തെ കണ്ടുവെന്നു രേഖപ്പെടുത്തിക്കൊണ്ടാണ്. അന്ധകാരം വാഴുന്ന കഠിനാനുഭവങ്ങളിൽ ആശ്വാസവും സമാധാനവും നൽകുന്നതാണ് നക്ഷത്രങ്ങൾ. പ്രത്യേകിച്ച് മരുഭൂമിയുടേയോ കടലിന്റേയോ ഒക്കെ അനുഭവങ്ങളിൽ പെട്ടുപോയവർക്ക് ദിശാബോധം നൽകുന്നത് നക്ഷത്രങ്ങളാണ്. അതായത് ദിശതെറ്റി അലയുന്നവർക്ക് ഗതികിട്ടുമെന്ന ധൈര്യം പകരുന്നത് നക്ഷത്രങ്ങളല്ലാതെ മറ്റു സൂചനകളൊന്നുമില്ലായെന്നതാണ് യാഥാർത്ഥ്യം.

ക്രൈസ്തവ പാരമ്പര്യത്തിൽ മെഴുകുതിരി ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനം സ്വയം കത്തിയെരിഞ്ഞുതീരുന്ന നക്ഷത്രമാണെന്നെന്നു കരുതുന്നതിൽ തെറ്റില്ല. മറ്റുള്ള മതപാരമ്പര്യങ്ങളിലെല്ലാം വിളക്കുകളാണുപയോഗിക്കുന്നത്. വിളക്കുകളിലെ ദീപം കെട്ടടങ്ങിക്കഴിഞ്ഞാലും അവിടെ വിളക്ക് അവശേഷിക്കും. എന്നാൽ സ്വയം ഉരുകിത്തീർന്ന് നമ്മുടെ കൺമുന്നിൽനിന്ന് മാഞ്ഞുപോകുന്ന അടയാളമെന്നത് മെഴുകുതിരി മാത്രമാണ്. ക്രിസ്തുവുമായി ബന്ധപ്പെട്ട് പ്രകാശിച്ച് സ്വയം ഉരുകിത്തീരുന്ന മനുഷ്യൻ നക്ഷത്രങ്ങൾക്കു സമാനരാണ്. ഇത്തരത്തിൽ അവനവൻ ജീവിക്കുന്ന പരിസരത്തിനുവേണ്ടി സ്വയം കത്തിത്തീരുന്ന അനേക മനുഷ്യരുണ്ട്. വലിയ സാമൂഹിക പരിഷ്കർത്താക്കൾ മുതൽ വെറും സാധാരണക്കാരായി യാതന അനുഭവിക്കേണ്ടിവരുന്നവരും, നീതിനിഷേധിക്കപ്പെട്ട് ജയിലിൽ കിടക്കേണ്ടിവരുന്നവരും, പ്രവാസികളും, അവകാശങ്ങൾക്കുവേണ്ടി വീരമൃത്യു വരിച്ചവരുമെല്ലാം ഈ ശ്രേണിയിൽപ്പെടും. മാവോയിസ്റ്റാണെന്ന് വിധിയെഴുതി ജയിലിൽകിടന്ന് ഒടുക്കം കൊല്ലപ്പെട്ട സ്റ്റാൻ സ്വാമിയൊക്കെ നമ്മുടെ കൺവെട്ടത്തുനിന്ന് മാഞ്ഞിട്ടില്ലാത്ത നക്ഷത്രങ്ങളാണ്. അവനവൻ എരിഞ്ഞടങ്ങിയാൽ മാത്രമേ എന്തെങ്കിലുമൊക്കെ പ്രകാശമുണ്ടാവുകയുള്ളുവെന്ന് തിരിച്ചറിഞ്ഞ ദൈവീകനക്ഷത്രങ്ങളാണ് അദ്ദേഹത്തെപ്പോലെയുള്ളവർ.

നമ്മുടെ ദേശത്തിന് അന്നംനൽകുന്ന കർഷകരുടെ ഐതിഹാസിക സമരം വിജയംകണ്ടിട്ട് അധികനാളായില്ല. അവരുടെ ഉജ്ജ്വല വിജയത്തിനുവേണ്ടി സ്വയം കത്തിത്തീർന്ന് വീരമൃത്യു സ്വീകരിച്ച അനവധി കർഷകരുണ്ട്. അന്ധകാരത്തിൽ നമുക്ക് ദിശാസൂചിക നൽകുന്നവരാണീ നക്ഷത്രങ്ങൾ. സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ നക്ഷത്രത്തിന് രണ്ടു പ്രത്യേകതകളുണ്ട്. അതിൽ ഒന്നാമത്തെ പ്രത്യേകത ഹെറോദേസിന്റെ അരമനക്കു മുകളിൽവച്ച് അത് അപ്രത്യക്ഷമാകുന്നുവെന്നതാണ്. ആഡംബരങ്ങളിലും, ആഘോഷങ്ങളിലും, മനുഷ്യപ്പറ്റില്ലാത്ത ഇടങ്ങളിലും ദൈവത്തിന്റെ നക്ഷത്രത്തെ ആർക്കും കാണാനാവില്ല. ദ്വൈതമുഖമുള്ള മതാത്മക സങ്കേതങ്ങളിലും അവക്കു നിൽക്കാനാവില്ല. വലിയ ഭക്തനാണെന്ന് തോന്നിപ്പിക്കുന്നതാണ് ഹേരോദേസിന്റെ വാക്കുകൾ. എന്നാൽ അയാളുടെ ഉള്ളിലിരുപ്പ് അയാളുടെതന്നെ വാക്കുകളിലൂടെ വെളിപ്പെടുന്ന വൈരുദ്ധ്യവുമാണ്. ദൈവത്തിന്റെ നക്ഷത്രമെന്ന് സമൂഹത്തെ തെറ്റിധരിപ്പിക്കുന്ന ഹെരോദാവുപോലെയുള്ള ഇരുമുഖ വ്യക്തിത്വങ്ങളും സെലിബ്രേറ്റികളുമായ വ്യാജനക്ഷത്രങ്ങൾ ഇന്നു മനുഷ്യവർഗ്ഗത്തിനു തെറ്റായ ദിശാസൂചന നൽകുന്നവരാണ്.

ദൈവനക്ഷത്രത്തിന്റെ രണ്ടാമത്തെ പ്രത്യേകത നമ്മുടെ പ്രതീക്ഷക്കു വിപരീതമായ സ്ഥലങ്ങളിൽ അതു നിന്നുകത്തിത്തീരുന്നതാണെന്നുള്ളതാണ്. തിരസ്കരിക്കപ്പെട്ടവരുടേയും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ആട്ടിൻകൂട്ടങ്ങളുടേയും കാലിപ്പറ്റങ്ങളുടേയും അലഞ്ഞുനടക്കുന്ന തച്ചന്റേയും ഭാര്യയുടേയുമൊക്കെ മീതെ അതു വന്നുനിന്ന് സ്വയം ഉരുകി പ്രകാശിക്കും.

അന്ധകാരമായ ഈ ലോകത്തിൽ ദൈവം മനുഷ്യരാശിയെ സൃഷ്ടിച്ചപ്പോൾ മനുഷ്യനു ദിശാബോധം നൽകുന്ന, സ്വയം എരിഞ്ഞുതീരുന്ന, പ്രകാശം നൽകുന്ന ദൈവത്തിന്റെ നക്ഷത്രമാവുന്ന ചില വ്യക്തിജീവിതങ്ങളെക്കൂടി സൃഷ്ടിച്ച് ദൈവം മനുഷ്യരാശിയെ അലങ്കരിച്ചു. അത്തരം മനുഷ്യരെ തിരിച്ചറിയുകയെന്നതാണ് ഏറ്റവും വലിയ സുകൃതങ്ങളിലൊന്ന്.

നക്ഷത്രങ്ങളുടെ ജനനംതന്നെ ഇരുൾ ഞെരുങ്ങി വെളിച്ചമാവുന്നതാണെന്നാണ് ബോസ്റ്റൺ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞ തുഷാരയുടെ ലേഖനം. ഇരുളിൽ ഞെരുങ്ങുന്ന കഠിനാനുഭവങ്ങൾ ഏതൊ

രാൾക്കും നക്ഷത്രമാകുവാനുള്ള സാദ്ധ്യതയാണ് തുറന്നു തരുന്നത്. ഇവർ കാണപ്പെടുന്നതും പ്രകാശിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും നീതിനിഷേധിക്കപ്പെട്ടവരുടേയും ഇടയിലാണ്. ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെ പിന്നെ കാണുന്നത് തോട്ടപ്പണിക്കാരനായും പരദേശിയുമാണ്. അവർക്കവനെ തിരിച്ചറിയുവാനുമായില്ല. ഇനി നിങ്ങൾക്കു മുമ്പായി ഞാൻ ഗലീലിയിലുണ്ടാവും എന്നാണ് ക്രിസ്തു പറഞ്ഞത്. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുളോ അതിനെ തിരിച്ചറിഞ്ഞില്ല എന്ന യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

മഹാഭാരതത്തിൽ അശ്വമേധം എന്ന അനുഷ്ഠാനത്തിന്റെ പെരുമക്ക് എൺപതു ശ്ലോകങ്ങൾ മാത്രമാണുപയോഗിച്ചിട്ടുള്ളത്.എന്നാൽ അതേ അനുഷ്ഠാനത്തെ തുച്ഛീകരിക്കുന്ന കീരിയുടെ കഥക്ക് അതിൽ നൂറ്റിയിരുപതു ശ്ലോകങ്ങളാണ് കരുതിവച്ചിരിക്കുന്നത്. ഇത് ആശ്ചര്യകരമായിത്തോന്നുമെങ്കിലും അനുഷ്ഠാനങ്ങളെക്കാൾ ശ്രേഷ്ഠമായത് മൂല്യങ്ങളാണ് എന്നാണതു സൂചിപ്പിക്കുന്നത്.

അതു കൂടുതൽ വ്യക്തമാകണമെങ്കിൽ ഫ്രാൻസിസ് പാപ്പായുടെ 2021 ലെ ക്രിസ്തുമസ്സ് സന്ദേശത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ മതി. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പ്പങ്ങൾ ഒരർത്ഥത്തിൽ പഴഞ്ചനായിക്കഴിഞ്ഞു എന്നതായിരുന്നു ആ പ്രസ്താവനയുടെ പ്രസക്തഭാഗം. അനുഷ്ഠാനങ്ങളിൽനിന്ന് ആത്മീയതയിലേക്കുള്ള ഒരു ഉയിർത്തെഴുന്നേൽപ്പാണ് ഇന്നിന്റെ ആത്മീയതയുടെ കാലികപ്രസക്തി. ചുരുക്കത്തിൽ ദൈവത്തിന്റെ നക്ഷത്രമായിത്തീരുവാനുള്ള വലിയ സാദ്ധ്യത നമ്മെയും കാത്തിരിക്കുന്നു. നീതിനിഷേധങ്ങളുടേയും പാർശ്വവൽക്കരണത്തിന്റെയും അന്ധകാരത്തിൽ മനുഷ്യർക്ക് ദൈവത്തിലേക്കു ദിശാസൂചിക നൽകുന്ന നക്ഷത്രങ്ങളായി പരിണമിക്കുവാൻ നമ്മിലെ ക്രിസ്തു നമ്മെ പ്രേരിപ്പിക്കുവാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥന: കാരുണ്യവാനായ ദൈവമേ, ഞങ്ങളെ നയിക്കുന്ന, മുന്നേ നടക്കുന്ന, ദിശാസൂചന നൽകുന്ന, അവിടുത്തെ നക്ഷത്രങ്ങളെക്കൊണ്ട് ഏവരുടേയും വഴികളെ പ്രകാശിപ്പിക്കേണമേ. മഹാവെളിച്ചമായി ഞങ്ങളുടെ ഉള്ളിൽത്തന്നെ വസിക്കുന്ന നിന്നെ കണ്ടെത്തുന്നതിനും നിന്റെ ദൂതിലൂടെ ലോകത്തിനു പ്രകാശം നൽകുന്നതിനും ഇടവരുത്തേണമേ. ഞങ്ങളുടെ രക്ഷകനും നീതിസൂര്യനുമായ ക്രിസ്തുവിനെ ലോകത്തിനു നൽകിയതിനു ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. അവനിൽ ഒന്നായി അവന്റെ പ്രകാശത്തിൽ ഒറ്റ ആട്ടിൻകൂട്ടമായി മുമ്പോട്ടു പോകുവാൻ അവിടുന്നു സഹായിക്കേണമേ, ആമേൻ.

# രണ്ടാം ദിവസം

"യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?" (മത്തായി 2:2)

വേദവായനകൾ

| | |
|---|---|
| യിര. 23:1-6 | ഫിലി. 2:5-11 |
| സങ്കീ. 46 | മത്താ. 20:20-28 |

മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലെ അരാജകത്വത്തിന്റെ പശ്ചാത്തലത്തിൽ ഇന്നത്തെ ചിന്താവിഷയം വളരെ പ്രസക്തമാണ്. യേശുവിന്റെ ജനനത്തിന്റെ ഭൂമികയിൽ തന്നെ രാഷ്ട്രീയമായ അനിശ്ചിതത്വവും, ന്യൂനപക്ഷങ്ങളോടുള്ള വിവേചനവും, ദരിദ്രരുടെ നിരാശ്രയത്വവും, ജീവന് ഭീഷണിയുള്ളവരുടെ പലായനവും മനുഷ്യചരിത്രത്തിലെ കറുത്ത പാടുകൾ തന്നെയാണ്. അധികാരം ലഭിച്ചവർ മതത്തിന്റെയും, രാഷ്ട്രീയത്തിന്റെയും പേരിൽ മനുഷ്യാവകാശ ധ്വംസനം നടത്തുന്നത് യേശു ജനിച്ച കാലത്തേക്ക് നമ്മുടെ ശ്രദ്ധ വീണ്ടും ആകർഷിക്കുകയാണ്. ആരായിരിക്കണം ഒരു രാജാവ് അഥവാ ജനനായകൻ? രാജാവിന്റെ ദൗത്യങ്ങൾ അദ്ദേഹത്തിന്റെ അവകാശവാദങ്ങളുമായി പൊരുത്തപ്പെടുന്നവയാണോ? ഈ സത്യാനന്തരവും ഉത്തരകൊളോണിയലുമായ കാലഘട്ടത്തിൽ രാജാവിന്റെ പ്രസക്തിയെന്ത്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

ക്രിസ്തുമസ് സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന വി. മത്തായി ശ്ലീഹാ രണ്ടുതരത്തിലുള്ള രാജകീയ സങ്കല്പങ്ങളാണ് തന്റെ സുവിശേഷത്തിന്റെ രണ്ടാം അധ്യായത്തിൽ നൽകിയിരിക്കുന്നത്. ഒന്നാമത്തേത്, മഹാനായ ഹെരോദാവാണ് (Herod the Great). ഈദൂമിയക്കാരനായ ഇദ്ദേഹം റോമിന്റെ ഭരണാധികാരത്തിന്റെ ഭാഗവും യറുശലേമിൽ ഭരണം നടത്തുന്നയാളുമായിരുന്നു. ഇദ്ദേഹം രാജ്യത്ത് നടത്തിയ വികസന പ്രവർത്തനങ്ങളും യറുശലേം ദേവാലയത്തിന്റെ പുനർനിർമ്മാണവുമൊക്കെ (Herodian Temple of Jerusalem) ഇദ്ദേഹത്തെ മഹാനെന്നു വിളിക്കുവാൻ കാരണമായിക്കാണണം. എന്നാൽ തന്റെ അധികാരത്തിന് ഭീഷണിയായിത്തീരുമെന്നു ഭയന്ന് സഹോദരങ്ങളെയും സ്വന്തം പുത്രന്മാരെയും കൊന്നൊടുക്കുകയും, തന്റെ മാതാവിനെ തുറുങ്കലിലടയ്ക്കുകയും ചെയ്ത ഹെരോദാവ് പഴയകാല രാജകീയ സങ്കല്പങ്ങളുടെ ഉല്പന്നമായിരുന്നു. എല്ലാ അധികാരങ്ങളും കൈയ്യടക്കി സ്വന്ത തീരുമാനമനുസരിച്ച് എന്തും ചെയ്യുവാൻ മടിക്കാത്തവനും, ജനങ്ങളെ തന്റെ കയ്യിലെ കളിപ്പാട്ടങ്ങളായി കണ്ടവനുമായ ഹെരോദാവ് മനുഷ്യാവകാശങ്ങൾക്ക് പുല്ലു വിലയാണ് നൽകിയിരുന്നത്. തന്നെ ജനം പുച്ഛിക്കുന്നു എന്നു മനസ്സിലാക്കിയിരുന്ന ഇദ്ദേഹം മരണാസന്നനായി കിടക്കുമ്പോൾ കൊടുത്ത കല്പന ആ നാട്ടിലെ പ്രമാണിമാരെയും, പണ്ഡിതരെയും ജനനായകന്മാരെയും ജയിലിലടയ്ക്കുവാനും താൻ മരിക്കുന്ന സന്ദർഭം അവരെയെല്ലാം കൊന്നൊടുക്കുവാനുമായിരുന്നു. അവരിലാരെങ്കിലും എന്തെങ്കിലും തെറ്റുചെയ്തിട്ടല്ല ഈ കല്പന അദ്ദേഹം പുറപ്പെടുവിച്ചത്. മറിച്ച്, ജനസമ്മതിയുള്ള മുകളിൽ പറഞ്ഞവർ മരിക്കുന്നതുമൂലം യറുശലേമിൽ ഒരു ദേശീയ വിലാപദിനമുണ്ടാവുകയും ചരിത്രകാരന്മാർ പില്ക്കാലത്ത് "ഹെരോദാവ് മരിച്ച ദിവസം യറുശലേമിൽ ഒരു വിലാപ ദിനമായിരുന്നു'' എന്നുരേഖപ്പെടുത്തുമെന്ന് അറിയാമായിരുന്നതുകൊണ്ടാണ്. ഇതിൽനിന്നുതന്നെ ഹെരോദാവിന്റെ രാജകീയ സങ്കല്പം എന്തായിരുന്നു എന്നു നമുക്ക് വായിച്ചറിയാം.

ഇതിന് ഘടകവിരുദ്ധമായിട്ടാണ് ബേത്‌ലഹേമിൽ ദാവീദു പുത്രനായി ക്രിസ്തു ജനിച്ചത്. ദരിദ്രരുടെ വീടുകളിലെ ഒരു ശിശുവിനെപ്പോലെ കാലിത്തൊഴുത്തിൽ ജനിച്ച ക്രിസ്തുവിനെ കാണുവാൻ ആദ്യമെ വന്നത് പുറംപോക്കുകളിൽ അന്തിയുറങ്ങിയ ആട്ടിടയന്മാരാണ്. യേശു എന്നും ദരിദ്രരുടെയും, അഗതികളുടെയും രാജാവായിരുന്നു. ശിശുവായ തന്നെയും കൂട്ടി മറിയാമും യൗസേഫും പലായനം ചെയ്തതിലൂടെ ഇന്നത്തെ ലോകത്തിലെ വലിയ വിഭാഗമായ അഭയാർത്ഥികൾക്ക് (Migrants) പ്രത്യാശ നൽകുകയാണ് ചെയ്തത്. നമ്മുടെ കൊച്ചുകേരളത്തിൽ തന്നെ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് migrant workers ന്റെ മനുഷ്യാവകാശങ്ങളെപ്പറ്റി നാം ബോധവാന്മാരാണോ? ഈ നാടിന്റെ വികസനത്തിനു മാത്രമല്ല, മലയാളികളുടെ അനുദിന ജീവിതത്തിനുതന്നെ അത്യന്താപേക്ഷിതമായിത്തീർന്ന "അതിഥി തൊഴിലാളി" കളുടെ സാമൂഹികവും, കുടുംബപരവും, വൈകാരികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഇന്നത്തെ ഭരണാധികാരികൾ എന്താണ് ചെയ്യുന്നത്? അവരുടെ ദൈവസങ്കല്പം എന്താണെന്ന് തിരിച്ചറിയുവാൻ മതനേതാക്കന്മാർ ബദ്ധപ്പെടാറുണ്ടോ? അവർക്കുകൂടി സന്തോഷം പകരുവാൻ സാധിച്ചില്ലായെങ്കിൽ നമ്മുടെ ക്രിസ്തുമസ് ആഘോഷത്തിന് എന്തു

പ്രസക്തിയാണുള്ളത്? ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ അവരെ ക്രിമിനലുകളായി കാണുവാനല്ലാതെ മറ്റെന്തെങ്കിലും ചെയ്യുവാൻ മാധ്യമങ്ങൾക്കു പോലും സാധിക്കുന്നുണ്ടോ?

യേശുവിൽ നാം കാണുന്ന ദാസവേഷമുള്ള രാജാവിനെയാണ് (ഫിലി. 2:5-11) ഇന്നത്തെ ലോകം ആഗ്രഹിക്കുന്നത്. ജന്മിത്വമനോഭാവമുള്ള രാജാക്കന്മാരുടെ കാലം എന്നേ അവസാനിച്ചു. “യഹൂദന്മാരുടെ രാജാവ്” കുരിശിൽ കയറിയ ക്രിസ്തുവിലൂടെ പുതിയൊരു സന്ദേശമാണ് നമുക്ക് നൽകുന്നത്. നമ്മുടെയുള്ളിലും ഈ പുതിയ രാജസങ്കല്പം വെളിച്ചം പകരട്ടെ.

## പ്രാർത്ഥന

ദാവീദിന്റെ പുത്രനായ യേശുവേ, നീ കാണിച്ച മാതൃകയിൽ മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും അവരുടെ ജീവിതത്തിൽ വെളിച്ചം പകരുകയും ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെ. സഭൈക്യ പ്രസ്ഥാനങ്ങളിലൂടെ നിന്നിലുള്ള ദർശനം ലോകത്തിന് പകരുവാൻ ഞങ്ങൾ മുഖാന്തിരമായിത്തീരണമെ. ആമേൻ

# മൂന്നാം ദിവസം

## പ്രതിഫലനം

'ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്കരിപ്പാൻ വന്നിരിക്കുന്നു' (മത്തായി 2 : 2)

വിദ്വാന്മാർ കിഴക്കുനിന്നും യാത്രചെയ്ത് യെരുശലേമിലെ രാജാവായ ഹെരോദാവിന്റെകൊട്ടാരത്തിലെത്തി തങ്ങളുടെ യാത്രാലക്ഷ്യത്തെ ബോധ്യപ്പെടുത്തി. ജഡാവതാരം ചെയ്ത ക്രിസ്തു സമൂഹത്തിൽ പൊതു തലം നഷ്ട്ടപെട്ട സമൂഹത്തിനു തന്റെ ജനനത്തിൽ കൂടെ ഒരു പൊതു സ്വതബോധം പകർന്നു നൽകി. ഈ തിരുവചനത്തിൽ കൂടി, സുവിശേഷം എഴുതിയ എഴുത്തുകാരൻ കിഴക്ക്, രാജാവിന്റെ കൊട്ടാരം, യെരുശലേം തുടങ്ങിയ ചില വസ്തുതകളും രൂപകങ്ങളും പ്രത്യേക ഉദ്ദേശ്യത്തോടെ വ്യാഖ്യാനിക്കുവാൻ ഒരു ആലങ്കാരിക ഭാഷയിൽ കൂടെ മുതിരുന്നു. ഈ രൂപകങ്ങൾ യഹൂദ ജനതയുടെ മാനസിക, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മതപരമായ ജീവിതവുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. വേദപുസ്തക വിവരണങ്ങളിൽ ഇതിനെപ്പറ്റിയുള്ള വ്യക്തമായ സൂചനകൾ ലഭ്യമാണ്. വേദപുസ്തക വിവരണങ്ങളിലെ കിഴക്ക് എന്നത് പ്രത്യാശയുടെയും ചൈതന്യത്തിന്റെയും ജീവന്റെയും അടയാളമാണ്. ആത്യന്തിക യാഥാർത്ഥ്യത്തെ അല്ലെങ്കിൽ പ്രാപഞ്ചിക ക്രിസ്തുവിനെ തിരിച്ചറിയാൻ വിദ്വാന്മാർ ശാസ്ത്രീയമായ അന്വേഷണത്തിലും ഗവേഷണത്തിലും ഏർപ്പെട്ടിരിക്കുകയാണ്. യഹൂദ സമൂഹം യെരുശലേമുമായി വൈകാരികമായി ബന്ധപ്പെട്ടിരുന്നു, കാരണം യെരുശലേം നഗരം രാഷ്ട്രീയമായി അവരുടെ ഭരണസിരാകേന്ദ്രവും മതപരമായ ആചാരാനുഷ്ഠാനങ്ങളിൽ കൂടെ ആത്മീയചൈതന്യ സ്രോതസ്സും അവരുടെ ഉത്സവ കൂടിവരവുകളുടെ പൊതു സാമൂഹികതലവും ആയിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ, അധാർമികമായ കൊളോണിയൽ മുതലാളിത്ത കോർപ്പറേറ്റിസം കാരണം അതേ തലം സാമൂഹിക അസമത്വത്തിന്റെയും രാഷ്ട്രീയ അരാജകത്വത്തിന്റെയും കേന്ദ്രമായി മാറി. ഹെരോദാവ് ആഡംബര കൊട്ടാരങ്ങളും മറ്റ് സ്ഥാപനങ്ങളും പണിയുകയും ജനങ്ങളിൽ നിന്ന് വലിയ തുക നികുതി പിരിച്ചെടുക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൽ, പാവപ്പെട്ട കർഷകരും സാധാരണ പൗരന്മാരും അവരുടെ ശേഷിക്കപ്പുറമുള്ള നികുതി അടയ്ക്കാൻ നിർബന്ധിതരായി. രാജാവും രാജാവിന്റെ സ്തുതിപാടകരും ഉപജാപകരും ആ ആഡംബരങ്ങളുടെ ഉപഭോക്താക്കളായിരുന്നു. മറ്റൊരർത്ഥത്തിൽ അവർ അനുഭവിച്ച ആഡംബരത്തിന്റെ പരിമളം അടിച്ചമർത്തപ്പെട്ടവന്റെയും സമൂഹത്തിൽ ചൂഷണം ചെയ്യപ്പെട്ടവന്റെയും വിയർപ്പിന്റെ ഗന്ധമായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞില്ല. ഇവിടെ ക്രിസ്തുവിന്റെ അവതാരം അടിച്ചമർത്തപ്പെട്ടവന്റെ നവ പ്രതീക്ഷകളുടെ കിരണങ്ങൾ തെളിയിക്കുന്നു. ആ നവകിരണത്തെ കണ്ടെത്താനുള്ള തീർത്ഥാടനമാണ് കിഴക്കിൽ നിന്നും പടിഞ്ഞാറേക്കുള്ള ആ യാത്ര. ആ കാലഘട്ടത്തിൽ ജനങ്ങൾ ഹെരോദാവിന്റെ ഭരണത്തിനു കീഴിൽ ആശങ്കയിലും നിരാശയിലും പ്രതീക്ഷയില്ലാതെയും കഴിയുകയായിരുന്നു. ഈ ദയനീയമായ പ്രക്ഷുബ്ധ സാഹചര്യത്തിൽ, വിദ്വാന്മാർ കിഴക്ക് നിന്ന് യാത്ര ചെയ്ത് ഹെരോദാ രാജാവിന്റെ കൊട്ടാരത്തിലെത്തി. ലോകത്തിന്റെ പ്രത്യാശയുടെ കിരണങ്ങൾ കണ്ടെത്തുക എന്നതായിരുന്നു അവരുടെ യാത്രയുടെ ആത്യന്തിക ലക്ഷ്യം. യഹൂദ്യയിലെ ബെത്‌ലഹേമിൽ ജനിച്ച ക്രിസ്തു ദൈവിക വെളിപ്പെടലും, ഒരു ബദൽ രാജാവും, ദൈവരാജ്യത്തിന്റെ മൂർത്തീഭാവവും, മന:ശാസ്ത്രപരമായും രാഷ്ട്രീയമായും ക്വാറന്റീനിൽ കഴിയുന്ന സമൂഹത്തിനു ഒരു വിമോചന ദൈവിക ഊർജ്ജവുമാണ്. ഈ മഹാമാരിയുടെ കാലഘട്ടത്തിൽ നമുക്കും ഒരു പുതിയ ആത്മീയ തീർത്ഥാടനം ആരംഭിക്കാം. പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ പൊതുതലം നഷ്ടപ്പെട്ടവർക്ക് ക്രിസ്തുവിൽ അർത്ഥവത്തായ ഒരു പൊതുവായ സാമൂഹിക ഇടം കണ്ടെത്താൻ അനുവദിക്കുന്നതിൽ കൂടി നീതിപൂർവമായ ഒരു ദൈവരാജ്യം ഈ ഭൂമിയിൽ യാഥാർഥ്യമാക്കുവാൻ നമുക്കും ഒരു പുതിയ തീർത്ഥാടനം ആരംഭിക്കാം. അതിൽ കൂടെ മുറിക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരമാകുന്ന ക്രൈസ്തവ സമൂഹം സമാധാനത്തിന്റെയും നീതിയുടെയും നവോത്ഥാനത്തിന്റെയും ചാലകമായി രൂപാന്തരപ്പെടട്ടെ.

## പ്രാർത്ഥന

ദൈവമേ, സാർവത്രിക സത്യവും, കളങ്കരഹിതവും, ഈ പ്രപഞ്ചത്തിന്റെ പരിപാലകനും, പ്രശ്നങ്ങളിലും പ്രലോഭനങ്ങളിലും ഞങ്ങളുടെ സങ്കേതവുമായുള്ളോവേ, മഹാമാരിയുടെ വെല്ലുവിളികൾക്കിടയിലും അങ്ങയുടെ സമാധാനത്തിന്റെയും കൃപയുടെയും ചാലകമാകാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളുടെ പിതാക്കന്മാരോടൊപ്പം ചരിത്രത്തിൽ സഞ്ചരിച്ച സഞ്ചാര ദൈവമേ, വർഗവ്യത്യാസങ്ങൾ, പരമ്പരാഗത അതിർത്തികൾ, വംശീയവിവേചനങ്ങൾ, മതമൗലികവാദങ്ങൾ എന്നീ പരിമിതികൾക്ക് അപ്പുറമായി ഒരു പൊതു സാമൂഹിക തലം തേടി ഞങ്ങൾ തുടരുന്ന യാത്രയിൽ ഞങ്ങളോടൊപ്പം സഞ്ചരിക്കേണമേ. മനുഷ്യാവതാരം ചെയ്യുകയും, ക്രൂശിക്കപ്പെടുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥന കേൾക്കേണമേ.

# നാലാം ദിവസം

"യെഹൂദ്യദേശത്തിലെ ബേത്ത്ളേഹെമേ, നീ യെഹൂദ്യപ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല" (മത്തായി 2: 6)
നാം ചെറിയവരാണെങ്കിലും കഷ്ടത അനുഭവിക്കുന്നവരാണെങ്കിലും നാം ഒന്നിലും കുറവുള്ളവരല്ല

മിഖാ 5: 2-5 a — സങ്കീ 23 1

പത്രോസ് 2: 21 -25 — ലൂക്കോസ് 12: 32- 40

ഭൂരിപക്ഷത്തിനിടയിൽ ഒരു ന്യൂനപക്ഷത്തിന് എന്ത് ചെയ്യാൻ കഴിയും? വലിയവരുടെയും ബലവന്മാരുടെയും ലോകത്തിൽ ചെറിയവർക്കും ബലഹീനരും ദുർബലരും ആയവർക്കും എന്ത് പ്രസക്തി എന്നൊക്കെയുള്ള ചോദ്യത്തിന് ഉത്തരമാണ് ബെത്‌ലഹേമിലെ കാലിത്തൊഴുത്തിലെ ലോകരക്ഷകന്റെ തിരുപ്പിറവി. ബേത്‌ലഹേം, കാലിത്തൊഴുത്ത്, പശുത്തൊട്ടി, ദരിദ്രരായ യോസേഫ്, മറിയ, ആട്ടിടയന്മാർ ഇതൊക്കെയും ദുർബലതയുടെ ചെറിയ പ്രതീകങ്ങളാണ്. എന്നാൽ ദുർബലതയിലൂടെ വെളിപ്പെടുന്ന ദൈവശക്തിയാണ് എളിയവർക്കുള്ള സുവിശേഷം. 'പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. (മത്തായി 11:25). ദൈവം ബലഹീനതയിൽ ശക്തി നൽകുന്ന ദൈവമാണ് എന്നും, സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ശക്തിപകരുന്ന ദൈവമാണ് എന്നും ഒരിക്കൽ കൂടി നാം മനസിലാക്കണം. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി യേശുവിന് വേണ്ടി പ്രവർത്തിക്കണം എന്നും ഈ വേദഭാഗങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു

**ചെറുത് എങ്കിലും സാർത്ഥകമായത് (Small but Significant)**

'യെഹൂദ്യദേശത്തിലെ ബേത്ത്ളേഹെമേ, നീ യെഹൂദ്യപ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല' കാരണം നിന്നെ ഇടയന്മാരുടെ ഇടയനായ രക്ഷകൻ പുറപ്പെട്ടുവരുന്ന ഇടമായി തിരഞ്ഞെടുത്തിരിക്കുന്നു. ബേത്‌ലഹേം എന്ന കൊച്ചുപട്ടണം ദാവീദിന്റെ പട്ടണം എന്നും ശാമുവേൽ അഭിഷേകം ചെയ്ത ഇടം എന്നതിലും ഉപരിയായി ഒരു വിശേഷതയും ഇല്ലാത്ത ലോകം അറിയപ്പെടാത്ത ഒരു സ്ഥലമായിരുന്നു. എന്നാൽ ലോക രക്ഷകനായ യേശുവിന്റെ ജനനത്തോടെ ഈ ചെറിയ, ദുർബലമായ പട്ടണം ലോകത്തിന്റെ കേന്ദ്രമായി മാറുകയാണ്. യേശു ഇല്ലാത്ത ബെത്‌ലെഹം അറിയപ്പെടാത്തതായിരുന്നു എങ്കിൽ യേശു ജനിച്ചതോടെ ലോകത്തിന്റെ കേന്ദ്രമായി മാറിയ ഈ ചെറിയ, ദുർബലമായ ഇടം സാർത്ഥകമായതാകുന്നു. നമ്മുടെ ജീവിതത്തിൽ യേശു ഉണ്ടോ എന്നത് നമുക്ക് പരിശോധിക്കാം.

**ചെറുത് എങ്കിലും സ്വാധീനശക്തിയുള്ളത് (Small but Influential)**

ദൈവരാജ്യത്തെകുറിച്ച് പറയുന്ന ഉപമകളിലും ഈ ദർശനം വ്യക്തമാണ്. 'ദൈവരാജ്യത്തെ ഏതിനോടു ഉപമിക്കേണ്ടു? അതു പുളിച്ചമാവിനോടു തുല്യം' (ലൂക്കോസ് 13: 20 -21) ചെറുതുകളുടെ ശക്തിയെ കുറിച്ച് യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്ന ഉപമകളിൽ ഒന്നാണിത്. പുളിപ്പ് അഥവാ ഈസ്റ്റ് ഒരു വലിയ അളവിലുള്ള മാവിനെ പുളിപ്പിക്കുകയും രുചിവരുത്തുകയും ചെയ്യുന്നത് പോലെ ആവണം ന്യൂനപക്ഷവും ദുർബലവുമായ ശിഷ്യസമൂഹത്തിന്റെ സാന്നിധ്യം ഈ ലോകത്തിൽ ഉണ്ടാകേണ്ടത്. ചെറുതെങ്കിലും ഭൂരിപക്ഷത്തെ മുഴുവനും സ്വാധിനിക്കുന്ന ഗുണമുള്ളതാകണം (quality) ശിഷ്യ സമൂഹം. ന്യൂനപക്ഷം എന്നത് സംഖ്യാപരമായി നോക്കി ദുഖിതരാകാതെ അതിന്റെ ഗുണപരമായ സ്വാധിനം സമൂഹത്തെ നന്മയിലേക്ക് മാറ്റുന്നതാകണം

**ദുർബലർ എങ്കിലും സംരക്ഷിക്കപെട്ടവർ (Vulnerable but Protected)**

'ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുതു' (ലൂക്കോസ് 12: 32). സങ്കീർത്തനം 23 ദാവീദിന്റെ ഒരു സങ്കീർത്തനമാണ്. ദാവീദ് സ്വന്തം പ്രതിച്ഛായ വ്യക്തമാക്കുവാൻ ശ്രമിക്കുന്നത് രാജാവായോ, കവിയായോ, സംഗീതകാരനായോ, ഇടയനായോ അല്ല. 'യഹോവ എന്റെ ഇടയനാകുന്നു' എന്നത് വ്യക്തമാക്കുന്നത് ഇടയനായ യഹോവയുടെ പരിപാലനയിലുള്ള ആടാണ് താൻ എന്നതാണ്. ആട് എന്നത് ചരിത്രാതീത കാലം മുതൽ മനുഷ്യരുമായി ബന്ധപ്പെടുന്ന ഒരു ജീവിയാണ്. ഒരു ഇടയന്റെ സംരക്ഷണമല്ലാതെ ആടിന് ജീവിതത്തെ കുറിച്ച് മറ്റു വീക്ഷണങ്ങൾ ഒന്നും തന്നെ ഇല്ല. ആട് ഒരു ദുർബല ജീവി ആണെങ്കിലും വിശപ്പും ദാഹവും അറിയുന്ന ഒരിടയൻ ഉണ്ട് എന്നതിൽ സംതൃപ്തി ഉള്ള ജീവിയാണ്. സംരക്ഷണം നൽകുന്ന ഇടയൻ. ഭാവിയെ കുറിച്ച് ഒട്ടും വ്യാകുലത ആവശ്യമില്ലാത്ത ഒരു ആത്മികതയാണ് ദാവീദ് ഇവിടെ വ്യക്തമാക്കുന്നത്. ദുർബല ഇടങ്ങളിൽ ദൈവത്തിന്റെ സംരക്ഷണം ഉണ്ട് എന്നുള്ള ഉറപ്പും നമുക്ക് ആവശ്യമാണ്.

# അഞ്ചാം ദിവസം

വി. മത്തായി 2:9
അവർ കിഴക്കു കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിന് മീതെ വന്നു
നിൽക്കുവോളം അവർക്കുമുമ്പായി പൊയ്ക്കൊണ്ടിരുന്നു.

**വായന**

പുറപ്പാട് 13:17 - 14 : 4
സങ്കീ. 121
വെളിപാട് 22 : 5 -9
മത്തായി 2 : 7 -10

പ്രത്യാശയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായി പുൽക്കൂട്ടിൽ അവതരിച്ച ഉണ്ണി യേശുവിനെ സന്ദർശിക്കാൻ സമ്മാനങ്ങളുമായി എത്തുന്ന ജ്ഞാനികളായ വിദ്വാന്മാർക്ക് വഴികാട്ടിയായ നക്ഷത്രം വിദ്വാന്മാർ കിഴക്കുകണ്ട നക്ഷത്രം ശിശുവായ യേശു ഇരിക്കുന്ന സ്ഥലത്തിന് മീതെ വന്നു നിൽക്കുവോളം അവർക്ക് മുമ്പായി പൊയ്ക്കൊണ്ടിരുന്നു

നക്ഷത്രവെളിച്ചത്തിൽ ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെ കണ്ടെത്തുവാൻ കഴിയണമെന്ന ആഹ്വാനമാണ് ഈ ചിന്ത പങ്കുവയ്ക്കുന്നത്. നക്ഷത്രത്തെ നോക്കി യാത്രതിരിച്ച വിദ്വാന്മാർ എത്തിയത് പുൽക്കൂട്ടിലാണ്. അവിടെയാണ് ലോകത്തിന്റെ നാഥനായ യഥാർത്ഥ രക്ഷകനെ അവർക്കു കണ്ടെത്തുവാൻ കഴിഞ്ഞത്.

കിഴക്കു കണ്ട നക്ഷത്രത്തെ നോക്കി യാത്ര തിരിച്ച വിദ്വാന്മാരെ നക്ഷത്രം ബേത്‌ലഹേമിലേക്കു തന്നെയാണ് വഴി നയിച്ചിരുന്നത്. എന്നാൽ അവരുടെ മനസ്സിൽ രക്ഷകൻ ജനിക്കുന്നത് രാജകൊട്ടാരത്തിൽ ആയിരിക്കും എന്ന ചിന്തയിലാണ് അവർ നക്ഷത്രത്തിൽ നിന്നും വഴിമാറി യരുശലേമിലെ ഹെരോദാവിന്റെ കൊട്ടാരത്തിൽ എത്തുന്നത്. ധനവും പ്രതാപവും നിറയുന്ന ഉന്നത കൊട്ടാരത്തിലാണ് ക്രിസ്തു ജനിക്കുക എന്ന അവരുടെ വിശ്വാസം കാരണമാകാം നക്ഷത്രത്തെ വിട്ട് അവർ വഴിതെറ്റി യാത്ര ചെയ്തത്. എന്നാൽ അവരുടെ വഴിതെറ്റിയുള്ള യാത്ര ഹെരോദാവിന്റെ കൊട്ടാരത്തിലേക്ക് അവരെ നയിക്കുകയും നിരപരാധികളായ അനേകം കുഞ്ഞുങ്ങളുടെ കൂട്ടക്കൊലയ്ക്ക് കാരണമാവുകയും ചെയ്തു. വിദ്വാന്മാർ ജ്ഞാനികളാണ് അവരുടെ ധാരണകളുടെയും ചിന്തകളുടെയും ഭൗതീക അധികാരങ്ങളുടെയും അടിമത്വമാണ് അവരെ കൊട്ടാരത്തിലേക്ക് നയിച്ചത്.

ടെക്നോളജിയുടെയും അറിവിന്റെയും ഈ യുഗത്തിൽ നമ്മുടെ ഭൗതിക ചിന്തകളും ആർഭാട മോഹങ്ങളും ഭൗതിക കൊട്ടാരങ്ങളിൽ രക്ഷകനെ അന്വേഷിക്കുവാൻ പ്രേരിപ്പിക്കുന്നവയായിരിക്കും. എന്നാൽ യഥാർത്ഥ നക്ഷത്രത്തിന്റെ വഴിയെ യാത്ര ചെയ്യുമ്പോൾ എത്തുക എളിമയുടെ പ്രതീകവും സാധാരണ ഇടവുമായ പുൽതൊട്ടിലിലാണ്. അവിടെ അവർക്ക് ലോകരക്ഷകനെ ദർശിക്കുവാനും കാഴ്ചകൾ അർപ്പിക്കുവാനും കഴിഞ്ഞു.

ദൈവം കാണിക്കുന്ന വഴിയേ യാത്ര ചെയ്താൽ ലോക രക്ഷകനെ ദർശിക്കുവാൻ കഴിയും. രക്ഷകനെ കണ്ടെത്തിയവരാരും വന്ന വഴിയേ തിരിച്ചു പോയിട്ടില്ല. ദൈവത്തെ അന്വേഷിക്കുന്നവർക്ക് അവനെ കണ്ടെത്താനാകും. അന്ധകാര ശക്തികളെ തച്ചുടച്ചുകൊണ്ട് ലോകം മുഴുവനും വലിയ പ്രകാശമായി ഉദയം ചെയ്ത ക്രിസ്തുവിനെ അന്വേഷിക്കേണ്ടത് സാധാരണ ഇടങ്ങളിലാണ്. ഏറ്റവും വലിയ ഇരുട്ടിലും ദൈവത്തിന്റെ വെളിച്ചം നമ്മോടൊപ്പം ഉണ്ട്. നമ്മുടെ പാത എപ്പോഴും നേരെ ആയിരിക്കണമെന്നില്ല. ചിലപ്പോൾ നമ്മുടെ ചുവടുകൾ തിരിച്ചുപിടിക്കാനാവും. അല്ലെങ്കിൽ മറ്റൊരു വഴിയിലൂടെ മടങ്ങാനുള്ള ആഹ്വാനമാവും. അതിനാൽ ഇനിയുള്ള യാത്രകളിൽ വഴിതെറ്റാതിരിക്കാൻ നക്ഷത്രം ഒപ്പമുണ്ടാകണം.

നാം ക്രിസ്തുവിനെ ലോകത്തിനു കാണിച്ചുകൊടുക്കുന്ന നക്ഷത്രമായി മാറണം. പ്രതീക്ഷകളുടെയും പ്രത്യാശയുടെയും വഴികാട്ടിയായ ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിൽ ഉൾക്കൊള്ളുമ്പോൾ പരസ്പരം ഐക്യത്തിലേക്കും നന്മയിലേക്കും മറ്റുള്ളവരെ വഴി നടത്തുവാൻ കഴിയും. നമ്മുടെ ഓരോ നല്ല പ്രവൃത്തിയും ദൈവത്തിലേക്കുള്ള കാൽവയ്പ്പാണ്. യേശുവിന്റെ പുൽക്കൂട്ടിലേക്കുള്ള ദൂരമാണ് യഥാർത്ഥ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൂരം.

രോഗികൾക്കും അഗതികൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കുവാൻ കഴിയണം. എല്ലാവരെയും സാഹോദര്യത്തിൽ, സ്നേഹത്തിൽ ഒരുമിപ്പിക്കുവാൻ കഴിയണം. ക്രിസ്തീയ ഐക്യത്തിൽ പ്രത്യാശയുടെ നക്ഷത്രമായി നമുക്ക് മാറാൻ കഴിയണം. തലമുറകൾ തേടിയ രക്ഷയുടെ പ്രാർത്ഥനയാണ് രക്ഷകന്റെ ജനനം. വിമോചനത്തിനായുള്ള നിലവിളികൾ, പറുദീസയുടെ വീണ്ടെടുപ്പ്, മനുഷ്യകുലത്തിന്റെ ഐക്യത്തിന്റെ വീണ്ടെടുപ്പിനായി നമുക്കു ഒരുമിച്ചു ചേരാം. ബലികളേക്കാൾ കരുണ ഇഷ്ടപ്പെടുന്ന ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി മാറ്റാം. മറ്റുള്ളവരെ ദൈവീക സ്നേഹത്തിൽ നന്മയുള്ള പ്രകാശത്തിലേക്ക് നയിക്കാം.

മനുഷ്യരാശിയുടെ രക്ഷയ്ക്കായി ഭൂമിയിൽ പിറന്ന യേശു മനുഷ്യരാശിയുടെ മുഴുവൻ വഴികാട്ടിയാണ് നന്മയിലേക്കുള്ള നക്ഷത്രത്തിളക്കമാണത്.

സ്വയം ശൂന്യവൽക്കരണത്തിലൂടെ മറ്റുള്ളവർക്ക് ആശ്വാസം നല്കുന്ന, പങ്കുവയ്ക്കുന്നതിലൂടെ മറ്റുള്ളവരെ കരുതുന്ന മുറിക്കപ്പെടുന്നതിലുടെ മറ്റുള്ളവരുടെ മുറിവുണക്കുന്ന ക്രിസ്തുവിന്റെ മനോഭാവം വളർത്തിയെടുത്താൽ നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് ക്രിസ്തുവിനെ കാട്ടിക്കൊടുക്കുന്ന നക്ഷത്രമായി മാറുവാൻ നമുക്കു കഴിയും.

## പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ കർത്താവേ നിന്റെ ഏകജാതനായ പുത്രനിലേക്ക് ഞങ്ങളെ നയിക്കുവാൻ, ഞങ്ങൾക്ക് വഴിതെറ്റാതെയിരിക്കുവാൻ, നീ നക്ഷത്രത്തെ അയച്ചു. നിന്നിലുള്ള പ്രത്യാശ ഞങ്ങളിൽ വർദ്ധിപ്പിക്കേണമേ. ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനെ ദർശിക്കുന്നതിന് യേശുക്രിസ്തുവിലൂടെ ഞങ്ങളെ ഐക്യത്തിന്റെ പാതയിലേക്ക് നയിക്കേണമേ. പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഞങ്ങൾക്ക് അനുഗ്രഹകരമായി ത്തീരേണമേ. ഞങ്ങളുടെ ആത്മകണ്ണുകൾ തുറന്ന് ക്രിസ്തുവിനെ രക്ഷകനായി ഏറ്റുപറയുവാനും ജ്ഞാനികൾ കിഴക്കു കണ്ട നക്ഷത്രത്തെ നോക്കി യാത്ര ചെയ്തു ബേത്‌ലഹേമിൽ എത്തി ശിശുവിനെക്കണ്ട് നമസ്ക്കരിച്ചതുപോലെ ഞങ്ങൾക്കും യഥാർത്ഥ രക്ഷകനെ കണ്ടെത്തുവാനും കൃപ നൽകേണമേ. ലോകത്തിന്റെ വെളിച്ചമായിത്തീർന്ന ക്രിസ്തുവിന്റെ പ്രകാശത്തിലേക്ക് മറ്റുള്ളവരെ നയിക്കുന്ന നക്ഷത്രമായി തീരുവാൻ ഞങ്ങളെ സഹായിക്കേണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളുടെ പ്രാർത്ഥന സമർപ്പിക്കുന്നു.

# ആറാം ദിവസം

ആ വീട്ടിൽ ചെന്നു, ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു. വീണു അവനെ നമസ്ക്കരിച്ചു. (മത്തായി 2 :11) ഏകദൈവത്തിനു ചുറ്റും ആരാധനയിൽ ഒത്തു കൂടി.

**വായനാ ഭാഗങ്ങൾ**

പുറപ്പാട് 3: 1-6 (വാ.5) നീ നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽ നിന്നു ചെരിപ്പു അഴിച്ചു കളക എന്നു കല്പിച്ചു.

സങ്കീർത്തനങ്ങൾ 84 : 5 ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ.

വെളിപാട് 4:8-11 (വാ. 10) മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു.

മത്തായി 28:16-20 (വാ. 17) അവനെ കണ്ടപ്പോൾ അവർ നമസ്ക്കരിച്ചു.

**പ്രതിഫലനം**

മോശ മുഖം മറച്ച് തന്റെ കാലിൽ നിന്നും ചെരിപ്പ് അഴിച്ചു മാറ്റി.
വിദ്വാന്മാർ മുട്ടുകുത്തി വണങ്ങി.
ശിഷ്യന്മാർ അവനെ കണ്ടു നമസ്ക്കരിച്ചു. മൂപ്പന്മാർ സാഷ്ടാംഗം വീണു അവരുടെ കിരീടം അഴിച്ചുവെച്ചു.

വിദ്വാന്മാർ അവരുടെ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട ജ്യോതിഷികളായിരുന്നു. എന്നിട്ടുപോലും അവർ ദൈവപുത്രനായി കാണുന്നത് നക്ഷത്രങ്ങളെ സൃഷ്ടിച്ചവനെയാണ് എന്ന് തിരിച്ചറിഞ്ഞപ്പോൾ അവർ മുട്ടുകുത്തി അവനെ നമസ്ക്കരിച്ചു. വിശ്വാസത്തിന്റെയും സഹിഷ്ണുതയുടെയും ബഹുമാനാർഹമായ കിരീടങ്ങൾ തലയിൽ ഉണ്ടായിരുന്ന മൂപ്പന്മാർ ദൈവത്തെ ആരാധനയിൽ കണ്ടപ്പോൾ മറ്റൊരു നേട്ടങ്ങളും കാര്യമാക്കാതെ അവർ വീണു നമസ്ക്കരിച്ചു.

ആരാധനയിൽ നാം ദൈവത്തെ കണ്ടുമുട്ടുമ്പോൾ നാം നമ്മെത്തന്നെ മറക്കുന്നതിന് കാരണമാകുന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നാം ആരാകുന്നുവെന്ന് തിരിച്ചറിയുന്നതിന് അത് നമ്മെ സഹായിക്കുകയും യഥാർത്ഥ വിനയം നമ്മിൽ കൊണ്ടുവരികയും ചെയ്യുന്നു.വിനയം അഥവാ ഹുമിലിറ്റി എന്ന വാക്കിന് ഹൂമസ് എന്ന മൂലപദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനർത്ഥം എർത്ത് അഥവാ ഭൂമി എന്നാകുന്നു. അതുകൊണ്ടുതന്നെ നാം കുമ്പിടുമ്പോൾ, വണങ്ങുമ്പോൾ, കുനിയുമ്പോൾ നഗ്നപാദങ്ങളാൽ ഭൂമിയെ സ്പർശിക്കുമ്പോൾ നാം ശാരീരികമായി ഭൂമിയോട് അടുക്കുകയാണ് ചെയ്യുന്നത്. മറ്റൊരർത്ഥത്തിൽ നാം പൊടിയിൽ നിന്ന് വന്നവരെന്നും പൊടിയിലേക്ക് മടങ്ങിപ്പോകുന്നവരെന്നും നാം സ്വയം അംഗീകരിക്കുന്നു.

ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ, നാം ഏക ദൈവത്തെ ആരാധിക്കുവാൻ വരുമ്പോൾ നമ്മുടെ ബഹുമതികളിലും നേട്ടങ്ങളിലും സ്വാധീനങ്ങളിലും നാം ശ്രദ്ധ കേന്ദ്രീകരിക്കരുത്. പകരം നാം നമ്മുടെ സ്വാധീനത്തിന്റെ ചെരുപ്പുകൾ അഴിച്ച് നഗ്നമായ പാദങ്ങൾ കൊണ്ട് ഭൂമിയെ അനുഭവിക്കുന്നവരാകണം. ഈ ദിവ്യസാന്നിധ്യത്തിലാണ് മുട്ടുകൾ മടക്കി നാം നമ്മുടെ നേട്ടങ്ങൾ സ്വായത്തമാക്കേണ്ടത്. ഈ ആരാധനയിൽ നമ്മുടെ കിരീടങ്ങളെല്ലാം അവിടുത്തെ കാൽക്കീഴിൽ നാം വയ്ക്കണം.

ഇത് യഥാർത്ഥ വിനയവും യഥാർത്ഥ ഐക്യവും കൊണ്ടുവരും.

നമ്മുടെ ഭാഷയിൽ പറഞ്ഞാൽ പ്രാർത്ഥനയോടെയും ആരാധനയോടെയും ദൈവമുമ്പാകെ മുഴങ്കാലുകൾ മടക്കുന്ന വ്യക്തിക്ക് ഒരു മനുഷ്യന്റെ മുമ്പിലും മുട്ടുമടക്കി തലകുനിക്കേണ്ടി വരില്ല. ഇത് ഒരു അഹങ്കാരത്തിന്റെ പ്രസ്താവനയായി കരുതേണ്ടതില്ല മറിച്ച്, നാം ആരാധിക്കേണ്ടവനെ ആരാധിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ അവിടുന്ന് നമ്മെ സഹായിക്കും എന്ന അർത്ഥത്തിലാണ്.

## പ്രാർത്ഥന

നിത്യമായി ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ! ഞങ്ങൾ അങ്ങയെ ആരാധിക്കുവാനായി കൂടിവരുമ്പോൾ ഞങ്ങളുടെ ശ്രദ്ധയും ഏകാഗ്രതയും അങ്ങയിൽ ആയിരിക്കട്ടെ. ഞങ്ങളുടെ നേട്ടങ്ങൾ, കിരീടങ്ങൾ, സ്വാധീനങ്ങൾ എന്നിവയിൽ നിന്നെല്ലാം ഞങ്ങളുടെ കണ്ണുകളെ മാറ്റുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ യഥാർത്ഥത്തിൽ ആരാണെന്ന് തിരിച്ചറിയാൻ അടിയങ്ങളെ സഹായിക്കേണമേ. പൊടിയിൽ നിർമ്മിക്കപ്പെട്ട് അങ്ങയുടെ ജീവശ്വാസത്തിലും പരിശുദ്ധാത്മാവിനാലും ജീവിപ്പിക്കപ്പെട്ടവരാണ് ഞങ്ങൾ. അങ്ങയെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമേൻ.

# ഏഴാം ദിവസം

"അവർ നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും മൂറും കുന്തിരിക്കവും
കാഴ്ചകളായി സമർപ്പിക്കുകയും ചെയ്തു" (മത്തായി 2:11)

വി. മത്തായിയുടെ സുവിശേഷം 2-ാം അദ്ധ്യായം 1 മുതൽ 12 വരെയുള്ള വാക്യങ്ങൾ ജനനാനന്തരം മഹത്വീകരണങ്ങളിൽ പണ്ഡിതന്മാരുടെയും പൗരസ്ത്യ പ്രഭുക്കന്മാരുടെയും ആദരവും വന്ദനവും ലഭിക്കുന്നതിനെക്കുറിച്ചുള്ള പ്രതിപാദ്യമാണിവിടെ കാണുന്നത്. അന്ന് ഗ്രീക്ക്-റോമൻ വൈജ്ഞാനികപാരമ്പര്യത്തിനു തുല്യമായി പരിഗണിക്കപ്പെട്ടിരുന്ന ഒരു വ്യാഖ്യാനാതീതമായ ഒരു പണ്ഡിതസ്രോതസ്സായിരുന്നു പൗരസ്ത്യ വിജ്ഞാനം. ലോകത്തെ കീഴടക്കുവാൻ ഇറങ്ങിത്തിരിച്ച അലക്സാണ്ടറുടെ കാലം മുതൽക്കെങ്കിലും പൗരസ്ത്യ വിജ്ഞാന സങ്കൽപ്പങ്ങളെക്കുറിച്ച് പാശ്ചാത്യ പണ്ഡിതന്മാരിൽ അത്ഭുതവും ആദരവും വളരെ ഉണ്ടായിരുന്നു. അവർക്കു വർണ്ണിക്കാനാവാത്തതും സുഗ്രാഹ്യമല്ലാത്തതുമായ ഈ പൗരസ്ത്യ പാരമ്പര്യം അകലെ നിന്ന് ഉപരിപ്ലവമായി ഈഹിക്കാനേ അവർക്കു കഴിഞ്ഞിരുന്നുള്ളൂ. പൗരസ്ത്യ സുറിയാനി ഓർത്തഡോക്സ് വൈജ്ഞാനികനായിരുന്ന മോർ ഗ്രിഗോറിയോസ് ബർഎബ്രായ (1226-86) എഴുതിയ മെക്തബ്നൂസ് സബ്നേ (Chronography) എന്ന ലോകചരിത്ര ഗ്രന്ഥം 19-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ നിന്നും Wallis Budge എന്ന പണ്ഡിതൻ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൗരസ്ത്യ വിജ്ഞാന വിഹായസ്സിലെ അഭൗമിക കാഴ്ചപ്പാടുകളെക്കുറിച്ചുള്ള പഴയകാല സൂചനകൾ ഈ കൃതിയിലുണ്ട്. തുകൽ ചുരുളുകളിലും പാപ്പിറസ്സ് താളുകളിലുമല്ലാതെ മനുഷ്യ മസ്തിഷ്ക്കത്തിൽ സമാഹരിക്കപ്പെട്ടിരുന്ന പൗരസ്ത്യ വിജ്ഞാനത്തെക്കുറിച്ചുള്ള സൂചനകൾ മേൽകൃതിയിൽ കാണുവാൻ കഴിയും. ഈ മഹാ വിജ്ഞാനീയ സമൂഹത്തിന്റെ പ്രതിനിധികളാണ് യേശുവിനെ കണ്ടു വന്ദിക്കുവാൻ അവിടെ സന്നിഹിതരായത്.

അവരുടെ വരവുതന്നെ സൂചിപ്പിക്കുന്നത് വൈജ്ഞാനിക അഭൗമിക സൂചനകളിലൂടെയാണ്. വഴികാട്ടിയായി വരുന്ന നക്ഷത്രം, അത്ഭുതരാജാവിന്റെ ജനനം, മുന്നറിയിക്കപ്പെട്ട സൂചനകൾ ഇതെല്ലാം തിരിച്ചറിയുന്ന ജ്യോതിശാസ്ത്രജ്ഞന്മാർ (വിദ്വാന്മാർ), ലോക രക്ഷകനായ യേശുവിനെ സ്വയം കണ്ടെത്തി മനസ്സിലാക്കി തിരുമുൽക്കാഴ്ചകളുമായി വരുന്ന ഈ പണ്ഡിത സമൂഹം സൂചിപ്പിക്കുന്നത് സ്വർഗ്ഗീയ ദൂതന്മാരും ആട്ടിടയന്മാരും തിരുകുടുംബവും അല്ലാതെയുള്ള നാലാമതൊരു സമൂഹത്തെയാണ്. അവർ പ്രതിനിധാനം ചെയ്യുന്നത് യഥാർത്ഥ സമ്പത്ത് വിജ്ഞാനവും തിരിച്ചറിവും ആണെന്നു കരുതുന്ന ഒരു സമൂഹത്തെയാണ്.

ആധുനിക സമൂഹത്തിൽ ഈ കാഴ്ചപ്പാട് തലതിരിഞ്ഞ അനുഭവമാണ് നൽകുന്നത്. വിജ്ഞാനം എങ്ങനെ സമ്പത്താക്കാം എന്ന മനോഭാവമാണ് ഇന്നത്തെ ലോകം പ്രതിനിധീകരിക്കുന്നത്. വിജ്ഞാനം തന്നെ ഒരു ക്രയവിക്രയശേഷിയുള്ള ഒരു കമോഡിറ്റി ആക്കിത്തീർത്തിരിക്കുന്നു. ആനുകാലിക ഇന്ത്യൻ സമൂഹത്തിൽ ക്രൈസ്തവർക്കിടയിൽ പ്രത്യേകിച്ച് -ഏറ്റം വലിയ സാമ്പത്തിക സമാഹരണത്തിനുപയോഗിക്കുന്നത് വിജ്ഞാന മേഖലയെയാണ്. ഒരു സെമസ്റ്ററിൽ ലക്ഷത്തിൽപ്പരം രൂപ ഫീസായി വാങ്ങുന്ന ഇന്റർനാഷണൽ പ്രൈമറി സ്ക്കൂളുകൾ ഇന്ത്യയിൽ വ്യാപകമായിതീരുന്നു. പൗരസ്ത്യ പണ്ഡിതർ തങ്ങളുടെ സമ്പത്തിൽ മൂല്യമേറിയവ കർത്താവിന്റെ കാൽക്കൽ പുൽക്കൂട്ടിൽ സമർപ്പിച്ചുവെങ്കിൽ ഇന്ന് കർത്താവിന്റെ നാമത്തിൽ സമൂഹത്തെ കൊള്ളയടിക്കുന്ന പ്രസ്ഥാനങ്ങൾ ആണ് ചുറ്റും കാണുന്നത്.കോളേജ് / സ്ക്കൂൾ അധ്യാപക നിയമനത്തിൽ അധാർമ്മികമായി മറിയുന്ന ദശലക്ഷങ്ങൾക്കു മുമ്പിൽ നിസ്സഹായരാവുകയാണ് ഇന്നും പുൽക്കൂട്ടിൽ കിടത്തിയിരിക്കുന്ന ഇമ്മാനുവേലും അവിടെ വന്നു വണങ്ങിയ വിജ്ഞാനികളുടെ പിൻതലമുറക്കാരും. ചികിത്സിക്കാൻ പണം അവശ്യമില്ലായിരുന്നു പഴയ ഭാരതത്തിൽ. പ്രകൃതി വിഭവങ്ങളും അവയുടെ മിശ്രിതങ്ങളും അന്ന് മരുന്നുകളായിരുന്നു. ചികിത്സകൻ പണം കൈകൊണ്ട് തൊടാത്തവനായിരുന്നു. സ്വമേധയാ കാണിക്കകൾ പോലെ സമർപ്പിക്കാൻ മാത്രം അനുവാദം ഉണ്ടായിരുന്ന ഭാരതീയപാരമ്പര്യത്തിലെ വൈദ്യന്മാരെ ഞാനും കണ്ടിട്ടുണ്ട്. അക്കാലത്ത് ക്രൈസ്തവ മിഷൻ ആശുപത്രികൾ ആധുനിക ചികിത്സ ജനോപകാരപ്രദമായി നടത്തി പുൽക്കൂടുകളിൽ കിടത്തിയിരുന്ന സാധാരണക്കാരെ ചികിത്സാ വൈദഗ്ധ്യം കാഴ്ചയായി സമർപ്പിച്ച് ചികിത്സിച്ചിരുന്നു. ഇന്ന് ജലദോഷം വന്നാൽപ്പോലും ആശുപത്രിയിൽ ചെന്നാൽ ലക്ഷം പോരട്ടെ എന്നു ചിന്തിക്കുന്ന മൾട്ടിനാഷണൽ കമ്പനികളാണ് പഴയ ആതുരാലയങ്ങളെ ഇല്ലാതാക്കിയിരുന്നത്.

നാം ജീവിക്കുന്ന ഇക്കാലത്ത് പുൽക്കൂട്ടിൽ കിടത്തിയിരിക്കുന്ന ആ അത്ഭുതശിശുവിനെ വന്ദിക്കാനല്ല നോക്കുവാൻ പോലും താല്പര്യമില്ലാത്തവരാണ് സമൂഹത്തെ നയിക്കുന്നത്. ആ ശിശു ഇന്നും കരയുന്നു. സ്വാർത്ഥതയില്ലാത്ത വിദ്വാന്മാരെ കാണുവാൻ അവർ എവിടെ? ആരറിയുന്നു? കണ്ടവരുണ്ടോ?

# എട്ടാം ദിവസം

ദൈവത്തിന്റെ പുതുവഴികൾ (God's New Path)

"അവർ വേറെ വഴിയായി സ്വദേശത്തേക്കു മടങ്ങിപ്പോയി" (മത്തായി 2 :12)

ദൈവത്തിന്റെ വഴികൾ അവർണ്ണനീയവും അഗോചരവും ആണ്. ദൈവം തന്റെ രക്ഷാ പദ്ധതിയുടെ ഭാഗമായി പുതുവഴികൾ തുറക്കുന്നവനാണ്. ആ വഴികൾ എല്ലാം ദൈവത്തോട് ചേർന്ന് സഞ്ചരിക്കുവാൻ നമ്മെ ക്ഷണിക്കുന്ന വഴികളാണ്. ദൈവരാജ്യ മൂല്യങ്ങളും ശീലങ്ങളും പ്രതിഫലിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ പുതുവഴികളിലൂടെ നഞ്ചരിക്കുവാനും അനേകരെ ആ വഴിയിലേക്ക് നയിക്കുവാനുമുള്ള ഉത്തരവാദിത്വമാണ് ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നത്.

**1. ജീവന്റെ വഴി (Path of Life)**

വിദ്വാന്മാരെ രഹസ്യമായി വിളിച്ച ഹേറോരോദാവ് വിവരങ്ങൾ സൂക്ഷ്മമായി ചോദിച്ചറിഞ്ഞു. ശിശുവിനെ അന്വേഷിച്ചു കണ്ടെത്തിയാൽ മടങ്ങിവന്നു വിവരം അറിയിക്കുവാൻ വിദ്വാന്മാരെ നിയോഗിച്ചു. എന്നാൽ വിദ്വാന്മാർ മടങ്ങി കൊട്ടാരത്തിൽ വരാതെ വേറെ വഴിയായി സ്വദേശത്തേയ്ക്ക് മടങ്ങിപ്പോയി (മത്താ 2: 12). യഹൂദന്മാരുടെ രാജാവായി സ്വയം കരുതിയ ഹെരോദാവിനെ സംബന്ധിച്ചു യേശുവിന്റെ ജനനം പരിഭ്രമം സൃഷ്ടിച്ചു. ശിശുവിനെ കൊല്ലുവാൻ ആഗ്രഹിച്ചു. വിദ്വാന്മാർ ദൈവം കാണിച്ച പുതുവഴിയിലൂടെ മടക്കയാത്ര നിർവഹിച്ചതിനാൽ ശിശുവിന്റെ ജീവനെ രക്ഷിക്കുവാൻ സാധിച്ചു. ഹെരോദാവിന്റെ വഴി ജീവനെ നിഷേധിക്കുന്നതാണെങ്കിൽ ദൈവത്തിന്റെ വഴി ജീവനെ സംരക്ഷിക്കുന്നതാണ്. ദൈവം ജീവന്റെ വഴി കാണിച്ചു തരുന്നവനാണ് (സങ്കീ. 16 : 11).

**2. തിന്മ ഘടനകളെ പ്രതിരോധിക്കുന്ന വഴി (Path of Resistance)**

ജീവനെ നിഷേധിക്കുന്ന ഘടനകൾ ഏതു കാലഘട്ടത്തിലും ശക്തവും പ്രബലവുമാണ്. ഹെരോദാവ് എന്ന ഭരണാധികാരിയും സംഘവുമാണ് ജീവനെ നിഷേധിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുന്നത്. "ഞാനും ചെന്ന് അവനെ നമസ്ക്കരിക്കേണ്ടതിന് വന്ന് എന്നെ അറിയിപ്പിൻ" (മത്താ. 2:8) എന്നതിലൂടെ വിദ്വാന്മാർക്കും ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിൽ ഹെരോദാവ് തന്റെ ആഗ്രഹം പ്രകടിപ്പിക്കുകയാണ്. ഹെരോദാവിന്റെ കപട ഉദ്ദേശ്യത്തെ തിരിച്ചറിയുവാനുള്ള വിവേകം ദൈവം വിദ്വാന്മാർക്കു നൽകി. അതുവഴി ഹെരോദാവിന്റെ പ്രബല ഭാഷണത്തെ പ്രതിരോധിക്കുവാൻ വിദ്വാന്മാർക്കു സാധിച്ചു. അസത്യത്തെ സത്യമായി ചിത്രീകരിച്ച് പൊതു ബോധമാക്കി തീർക്കുന്ന ഈ സത്യാനന്തരകാലത്ത് തിന്മയുടെ ഘടനകളെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുവാനും സത്യത്തിന്റെയും നീതിയുടെയും നന്മയുടെയും പക്ഷത്ത് നിലകൊള്ളുവാനും നമുക്ക് സാധിക്കണം. പാപത്തിന്റെയും തിന്മകളുടെയും കപട ദൈവീക ആരാധനകളുടെയും പാത ഉപേക്ഷിച്ച് പുതിയ ഉടമ്പടിയുടെ വഴികളിലേക്ക് പ്രവേശിക്കുവാനുള്ള ആഹ്വാനമാണ് യിരമ്യാ പ്രവാചകൻ നല്കുന്നത് (യിര. 31 : 31-34).

**3. ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും വഴികൾ (Path of Unity and Reconciliation)**

വിദ്വാന്മാർ വാനനിരീക്ഷകരാകാം എന്നാൽ വേറെ വഴിയായി മടങ്ങിപ്പോകണം എന്ന ദൈവത്തിന്റെ അരുളപ്പാടിൽ അവർ സംശയിക്കുകയോ തമ്മിൽ തർക്കിക്കുകയോ ചെയ്യുന്നില്ല. അറിവുള്ളവരും അഭിപ്രായമുള്ളവരും ആണെങ്കിലും ദൈവം കാണിച്ച പുതുവഴിയിലൂടെ സംഘബോധത്തോടുകൂടി മടങ്ങിപ്പോകുകയാണ്. ഒരുമിച്ച് യാത്ര ആരംഭിച്ച പലരും അഭിപ്രായവ്യത്യാസം മൂലം യാത്ര ഉപേക്ഷിക്കുന്നവരോ പൂർത്തിയാക്കാത്തവരോ ആകുന്ന ഈ കാലഘട്ടത്തിൽ വിദ്വാന്മാരുടെ സംഘബോധത്തോടുകൂടിയുള്ള യാത്ര ഐക്യത്തിനും അനുരഞ്ജനത്തിനുമുള്ള ആഹ്വാനമാണ് നൽകുന്നത്. സ്വാർത്ഥതീരുമാനങ്ങളേക്കാൾ ദൈവീക ആലോചനയ്ക്ക് കാതോർക്കുന്നവർക്ക് മാത്രമേ ഐക്യത്തോടെ മുന്നേറുവാൻ സാധിക്കൂ. ഹൃദയ കാഠിന്യം ഉപേക്ഷിച്ച്, സ്വാർത്ഥതയുടെ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതുക്കം പ്രാപിച്ച് നീതിയിലും വിശുദ്ധിയിലും ഐക്യത്തിലും സംഘബോധത്തോടെ വിശ്വാസ ജീവിതയാത്രയിൽ മുന്നേറാം (എഫെ. 4 : 20-23).

4.**അധികമാരും സഞ്ചരിക്കാത്ത വഴികൾ (Path which is less Travelled by)**

പരിചിതമായ, കൂടുതൽ ആളുകൾ സഞ്ചരിക്കുന്ന, ഏറ്റം സുരക്ഷിതമെന്നു നാം കരുതുന്ന വഴികളി ലൂ ടെ സഞ്ചരിക്കുവാനാണ് ഏവർക്കും ഇഷ്ടം. പരിചിതമായ വഴികൾ ഉപേക്ഷിക്കുക എളുപ്പവുമല്ല. യാത്രയുടെ ദിശമാറ്റുവാൻ വിദ്വാന്മാർക്ക് ദൈവം ദർശനം നൽകിയപ്പോൾ അവർ പൂർണ്ണമനസ്സോടെ അത് സ്വീകരിച്ചു. ദൈവം കാട്ടിയ പുതുവഴികളിലൂടെ അവർ സഞ്ചരിച്ചു. ശിശുക്കൾക്കുപോലും തന്റെ പുതുവഴികൾ ദൈവം വെളിപ്പെടുത്തി കൊടുക്കുന്നു (മത്താ. 11: 25). ദൈവം വെളിപ്പെടുത്തി തരുന്ന പുതുവഴികളിലൂടെ, ഒരു പക്ഷേ അധികമാരും സഞ്ചരിക്കുവാൻ തയ്യാറാകാത്ത പുതുവഴികളിലൂടെ സഞ്ചരിക്കുവാനുള്ള വിനയവും ധൈര്യവുമാണ് നമുക്കിന്നാവശ്യം. ദൈവത്തിന്റെ വഴികൾ തിരിച്ചറിഞ്ഞ് ദൈവത്തോടൊപ്പം സഞ്ചരിക്കു വാൻ നമ്മെ ദൈവകരങ്ങളിൽ ഏൽപ്പിക്കാം.